ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിൽ ഒരു സംഭവവും ഉണ്ടായിട്ടില്ല.

(സി) അത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

122 (123) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം നടന്ന രാഷ്ട്രീയ കൊപാതകങ്ങളിൽ ഏതെല്ലാം ആർ.എസ്.എസ്., ബി. ജെ. പി. പ്രവർത്തകരും അവരുടെ അനുഭാവികളും കൊല്ലപ്പെട്ടു ;

(ബി) ഈ കൊലപാതകങ്ങളിൽ ഏതെല്ലാം കൊല ചെയ്യപ്പെട്ടവരുടെ ഭാര്യ, മക്കൾ, അച്ഛനമ്മമാർ എന്നിവരുടെ മുമ്പിൽ വച്ചാണ് നടന്നത് ;

(സി) ഓപ്പൺ ക്ലാസിൽ വച്ച് ഏതെല്ലാം കൊലപാതകങ്ങൾ നടന്നു ;

(ഡി) ഈ കാലത്ത് കണ്ണൂർ ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ കൊല്ലപ്പെട്ട ഓരോരുത്തരേയും സംബന്ധിക്കുന്ന കേസിൽ എത്ര സി.പി.ഐ.(എം)കാർ പ്രതികളായുണ്ട് ;

(ഇ) അവരെ അറസ്റ്റ് ചെയ്തുവോ ; അവർക്കെതിരെയുള്ള കേസിന്റെ ഇപ്പോഴത്തെ നിലയെന്ത് ; ഈ ഓരോ കേസും ചാർജ്ജ് ചെയ്തുവോ ; ഈ പ്രതികളുടെ ലിസ്റ്റ് നൽകാമോ ;

(എഫ്) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകങ്ങളിൽ കൊല്ലപ്പെട്ട സി.പി.ഐ. (എം) പ്രവർത്തകരേയോ അനുഭാവികളെയോ സംബന്ധിക്കുന്ന കേസിൽ എത്ര പ്രതികളുണ്ട് ;

(ജി) അവരിൽ ഓരോരുത്തരും ഏതെല്ലാം കക്ഷികളിൽപ്പെട്ടവരാണ് ; ഇവരെ അറസ്റ്റ് ചെയ്തുവോ ; ഇവർക്കെതിരെയുള്ള കേസുകൾ ചാർജ്ജ് ചെയ്തുവോ ; ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്ത് ;

(എച്ച്) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകങ്ങളിൽ കൊല്ലപ്പെട്ട ഓരോ കോൺഗ്രസ്, മുസ്ലീം ലീഗ്, സി. പി. ഐ. മറ്റ് കക്ഷികൾ എന്നിവയിലെ പ്രവർത്തകരേയോ അനുഭാവികളേയോ സംബന്ധിക്കുന്ന കേസുകളിൽ എത്ര പ്രതികൾ വീതമുണ്ട് ; ഇവയിൽ ഓരോരുത്തരും ഏതെല്ലാം കക്ഷികളിൽപ്പെട്ടവരാണ് ; ഇവരെ അറസ്റ്റ് ചെയ്തുവോ ; ഇവർക്കെതിരെയുള്ള കേസുകൾ ചാർജ്ജ് ചെയ്തുവോ ; ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഈ കാലഘട്ടത്തിൽ കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകങ്ങളിൽ കൊല്ലപ്പെട്ട ഓരോ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരുടേയും അവരുടെ അനുഭാവികളുടേയും കൊലപാതകം സംബന്ധിച്ച കേസുകളിലായി എത്ര പ്രതികൾ വീതമുണ്ട് ; അവരിൽ ഓരോരുത്തരും ഏതെല്ലാം കക്ഷികളിൽപ്പെട്ടവരാണ് ; ഇവരെ അറസ്റ്റ് ചെയ്തുവോ ? ഇവർക്കെതിരെയുള്ള കേസുകൾ ചാർജ്ജ് ചെയ്തുവോ ; ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(ജെ) പന്ന്യന്നൂർ ചന്ദ്രന്റേയും കെ.ടി. ജയകൃഷ്ണൻ മാസ്റ്ററുടേയും കൊലപാതകികൾ ആരെല്ലാമാണ് ; ഇവരെ അറസ്റ്റ് ചെയ്തുവോ ; അവർക്ക് ജാമ്യം ലഭിക്കുമോ ; അവർക്കെതിരെയുള്ള കേസുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ?

ഉത്തരം

(എ-ജെ) വിവരം ശേഖരിച്ചുവരുന്നു.

മണർക്കാട് മോണാർക്ക് ബാറിലെ റെയിഡ്

123 (124) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മണർക്കാട് മോണാർക്ക് ബാറിൽ 13-3-2000-ൽ പോലീസ് റെയിഡ് നടത്തിയോ ;

(ബി) എങ്കിൽ റെയിഡ് നടത്തുവാൻ ഇടയായ സാഹചര്യം എന്ത് എന്ന് വ്യക്തമാക്കാമോ ;

(സി) റെയിഡിൽ പിടിച്ച യുവാക്കൾ മദ്യപിച്ചിരുന്നുവോ ;

(ഡി) ഇവരെ വൈദ്യപരിശോധന നടത്തിയില്ലെങ്കിൽ അതിന്റെ കാരണം എന്ത് ;

(ഇ) നിരപരാധികളെ അറസ്റ്റ് ചെയ്യുകയും വൈദ്യപരിശോധനപോലും നടത്താതിരിക്കുകയും ചെയ്തതിന് ഉത്തരവാദികൾ ആരെല്ലാം ;

(എഫ്) ഈ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി മദ്യവില്പന നടക്കുന്നതായി രഹസ്യവിവരം ലഭിച്ചതിൻ പ്രകാരമാണ്.

(സി&ഡി) റെയ്ഡിൽ പിടിച്ചവരെ വൈദ്യപരിശോധന നടത്തിയിട്ടില്ല.

(ഇ&എഫ്) വൈദ്യപരിശോധന നടത്താതിരുന്നതിന് റെയ്ഡ് നടത്തിയ ഈസ്റ്റ് സി. ഐ. പി. കെ മധു, പാമ്പാടി സി. ഐ. റ്റി. എൻ. വിനോദ്കുമാർ എന്നിവരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly